DEPARTMENT OF AGRICULTURE
FARM INFORMATION BUREAU
FARM NEWS

22/9/2020

# കാർഷികമേഖലാവാർത്തകൾ

## നെൽവയൽ ഉടമകൾക്കു "റോയൽറ്റിക്ക്" അപേക്ഷിക്കാം

നെൽവയൽ ഉടമകൾക്കു **ഹെക്ടറിന്** 2000 **രൂപ റോയൽറ്റിക്കായി അപേക്ഷിക്കാം;** 2 ലക്ഷം ഹെക്ടർ സ്ഥലത്തിൻ്റെ ഉടമകൾക്കായിരുക്കും ആദ്യ വർഷം റോയൽറ്റി ലഭിക്കുക. ഹെക്ടറിന് 2000 രൂപ നിരക്കിലാണ് റോയൽറ്റി **നൽകുന്നത്.** നെൽ കൃഷി ചെയ്യാവുന്ന നെൽവയലുകൾ രൂപ മാറ്റം വരുത്താതെ നിലനിർത്തി സംരക്ഷിക്കുകയും കൃഷിക്കായി തയ്യാറാക്കുകയും ചെയ്യുന്ന നെൽവയലുകളുടെ നിലങ്ങളുടെ ഉടമകൾക്കാണ് റോയൽറ്റി അനുവദിക്കുന്നത്. നിലവിൽ നെൽകൃഷി ചെയ്യുന്ന ഭൂമിയുടെ ഉടമകൾ റോയൽറ്റിക്ക് അർഹരാണ്. നെൽവയലുകളുടെ അടിസ്ഥാന സ്വഭാവവ്യതിയാനം വരുത്താത്ത ഹ്രസ്വകാല വിളകൾ കൃഷി ചെയ്യുന്ന നിലം ഉടമകൾക്കും റോയൽറ്റിക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്.

റോയൽറ്റിക്കായുള്ള അപേക്ഷകൾ www.aims.kerala.gov.in എന്ന പോർട്ടൽ വഴി ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. കൃഷിക്കാർക്ക് വ്യക്തിഗത ലോഗിൻ ഉപയോഗിച്ച് സ്വന്തമായോ അക്ഷയകേന്ദ്രം വഴി ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്.

## .യുവജനങ്ങൾക്കും പ്രവാസികൾക്കും മുൻഗണന നൽകി കാർഷിക യന്ത്രവത്കരണ പദ്ധതികൾ

പ്രവാസികൾക്കും യുവജനങ്ങൾക്കുമായി കൃഷിവകുപ്പ് കാർഷിക യന്ത്രവത്കരണ പദ്ധതികൾ നടപ്പിലാക്കുന്നു. വ്യക്തിഗത കാർഷിക യന്ത്രങ്ങൾ വാങ്ങുന്നതിനു 40 മുതൽ 50 ശതമാനം വരെ സബ്സിഡി നൽകുന്നു. 10 ലക്ഷം രൂപ വരെയുള്ള യന്ത്രങ്ങൾ വാങ്ങുന്നതിനു 8 പേരിൽ കുറയാത്ത പ്രവാസി/യുവകർഷകഗ്രൂപ്പുകൾക്ക് പരമാവധി 8 ലക്ഷം രൂപ വരെ 80% വരെ സബ്സിഡി. കൂടുതൽ വിവരങ്ങൾക്ക് പ്രാദേശിക കൃഷിഭവനുമായി ബന്ധപ്പെടുക.

## ക്ഷീരഗ്രാമം പദ്ധതി

ക്ഷീരവികസനവകുപ്പിന്റെ 2020-21 വാർഷിക പദ്ധതിപ്രകാരം **തിരുവനന്തപുരം** ജില്ലയിൽ നെടുമങ്ങാട് ബ്ലോക്കിലെ **കരകുളം,** പോത്തൻകോട് ബ്ലോക്കിലെ **അഴൂർ** എന്നീ ഗ്രാമപഞ്ചായത്തുകളിൽ ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കുന്നു. ഈ പദ്ധതിപ്രകാരം കറവപ്പശു യൂണിറ്റ്, കാലിത്തൊഴുത്ത്, കറവയന്ത്രം, അവശ്യാധിഷ്ഠിത ധനസഹായം എന്നീ വിവിധ ആവശ്യങ്ങൾക്കായി ധനസഹായം അനുവദിക്കുന്നതാണ്. ആയതിലേക്കുള്ള അപേക്ഷകൾ **ഈ മാസം 30ന്** മുൻപായി മേല്പറഞ്ഞ പഞ്ചായത്തുകളിലെ ക്ഷീരസംഘങ്ങളിലോ ക്ഷീരവികസന ഓഫീസിലോ സമർപ്പിക്കേണ്ടതാണെന്ന് ഡെപ്യൂട്ടി ഡയറക്ടർ അറിയിക്കുന്നു.

## കർഷക പരിശീലനം

പത്തനംതിട്ട ജില്ലയിലെ തിരുവല്ല മഞ്ഞാടിയിലെ ഡക്ക് ഹാച്ചറി ആൻഡ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ ഈ മാസം 25-ന് 2 മുതൽ 5 മണി വരെ **താറാവ് വളർത്തൽ** എന്ന വിഷയത്തിൽ സൗജന്യപരിശീലനം (**വെബിനാർ**) സംഘടിപ്പിച്ചിരിക്കുന്നു. പരിശീലനത്തിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർ നേരിട്ടോ, ഫോൺ മുഖേനയോ ഓഫീസ് സമയങ്ങളിൽ മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേതാണ്. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി 9188522711, 0469-2965535 എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

## പരിശീലനം

മൃഗസംരക്ഷണ വകുപ്പിന്റെ കുടപ്പനക്കുന്ന് ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിംഗ് സെന്ററിന്റെ ആഭിമുഖ്യത്തിൽ സെപ്റ്റംബർ മാസം 23,24 തീയതികളിൽ **ആട് വളർത്തൽ**, 29,30 തീയതികളിൽ **പശുവളർത്തൽ** എന്നിവയിൽ പരിശീലനം നൽകുന്നു. രാവിലെ 10 മണിമുതൽ 12 മണി വരെയാണ് പരിശീലനം നൽകുന്നത്. താത്പര്യമുള്ള കർഷകർ **9495594375** എന്ന നമ്പരിൽ ബന്ധപ്പെടുണമെന്ന് കുടപ്പനക്കുന്ന് പ്രിൻസിപ്പൽ ട്രെയിനിംഗ് ഓഫീസർ അറിയിച്ചു.

## കൃഷിവകുപ്പ് തരിശുനിലകൃഷിക്ക് ധനസഹായം ഉയർത്തി.

കൃഷിവകുപ്പ് തരിശുനില കൃഷിക്ക് ധനസഹായം ഉയർത്തിയിരിക്കുന്നു. നെൽകൃഷി, പച്ചക്കറികൃഷി എന്നിവയ്ക്ക് ഹെക്ടറിന് 40,000 രൂപയും വാഴകൃഷിക്ക് ഹെക്ടറിന് 35,000 രൂപയും പയറുവർഗങ്ങൾ,

കിഴങ്ങുവർഗങ്ങൾ, ചെറുധാന്യങ്ങൾ എന്നിവയ്ക്ക് ഹെക്ടറിന് 30,000 രൂപയും ആയി ഉയർത്തിയിരിക്കുന്നു. ഇതിൽ 3,000 രൂപ ഭൂവുടമകൾക്ക് ഉള്ളതായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് പ്രാദേശിക കൃഷിഭവനുമായി ബന്ധപ്പെടുക.

## വിള പരിപാലന നിർദ്ദേശങ്ങൾ

പച്ചക്കറി വിളകളിൽ കാണുന്ന ഇലചുരുളൽ, മൊസേക്ക് എന്നീ വൈറസ് രോഗങ്ങൾ വരാതിരിക്കാനായി ഇവ പരത്തുന്ന കീടങ്ങളെ നിയന്ത്രിക്കുന്നതോടൊപ്പം രോഗം ബാധിച്ച ചെടികൾ നീക്കം ചെയ്യുകയും വേണം. ജൈവകീടനാശിനികളായ വേപ്പെണ്ണ - വെളുത്തുള്ളി മിശ്രിതം എന്നിവ ഇത്തരം ചെറുകീടങ്ങൾക്കെതിരെ ഫലപ്രദമാണ്.